4671093(4)/2020/OS-Labour

ഭരണഭാഷ -മാതൃഭാഷ

9 OCT 2020

കേരള സർക്കാർ

ഉദ്യോഗസ്ഥ -ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നം.ഔഭാ4/15/2020/ഉഭപവ

തിരുവനന്തപുരം,
തീയതി. 09.10.2020

## സർക്കുലർ

വിഷയം :- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - 2020 ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും -സംബന്ധിച്ച്.

സൂചന :- 1. 8.03.2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 31/2002/ഉ.ഭ.പ.വ
2. 02.05.2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 20/2002/ഉ.ഭ.പ.വ

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള പ്രഭാഷണങ്ങളും ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന - ജില്ലാ - താലൂക്ക് - പഞ്ചായത്തുതലങ്ങളിലുള്ള ഓഫീസുകളിൽ സംഘടിപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളാണ് ടി ഉത്തരവിൽ നൽകിയിട്ടുള്ളത്. സ്കൂൾ തലത്തിൽ സംഘടിപ്പിക്കേണ്ട ആഘോഷപരിപാടികളെ സംബന്ധിച്ച് സൂചന (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 64 -ാം വാർഷികവേളയായ ഈ വർഷവും പരിപാടികൾ സംഘടിപ്പിക്കേണ്ടതായിരുന്നു. എന്നാൽ കേരളത്തിൽ 'കോവിഡ് 19' വ്യാപനം കൂടുതൽ ശക്തിപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വർഷം വിപുലമായ ആഘോഷപരിപാടികൾ ഒഴിവാക്കിക്കൊണ്ട് മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംഘടിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി 2020 നവംബർ 1 -ാം തീയതി ഞായറാഴ്ച ബഹു. മുഖ്യമന്ത്രി ഓൺലൈനായി മലയാളദിന സന്ദേശം നൽകുന്നതും ഒരു പ്രമുഖ മലയാളഭാഷാപണ്ഡിതൻ ഭരണഭാഷയെ അധികരിച്ച് പ്രഭാഷണം നടത്തുന്നതുമാണ്.

സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാളപദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

ഡോ. ആഷ തോമസ്. ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്. തിരുവനന്തപുരം.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
ജില്ലാകളക്ടർമാർ
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർദ്ധസർക്കാർ സ്വയംഭരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
സ്റ്റോക്ക് ഫയൽ/ ഓഫിസ് കോപ്പി

പകർപ്പ് : - ബഹു: മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്,
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്

ഉത്തരവിൻ പ്രകാരം

Ajith M

സെക്ഷൻ ഓഫീസർ